# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4053

16.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്

**മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ സ്ഥലം മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തദ്ദേശസ്വയംഭരണ വകുപ്പിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ സ്ഥലം മാറ്റങ്ങൾ നടന്നിട്ടുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 13 കേസുകൾ നിലവിലുണ്ട്. |
| (ബി) | ഇത്തരത്തിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ സ്ഥലം മാറ്റങ്ങൾക്കെതിരെയും അർഹമായ സ്ഥാനക്കയറ്റം നിഷേധിച്ചതിനെതിരെയും അച്ചടക്ക നടപടികൾ യഥാസമയം തീർപ്പാക്കാത്തതിനെതിരെയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും ഹൈക്കോടതിയിലും ബന്ധപ്പെട്ടവർ എത്ര കേസ്സുകൾ/പരാതികൾ നൽകിയിട്ടുണ്ട്; | (ബി) | സ്ഥലം മാറ്റങ്ങൾക്കെതിരെയും, സ്ഥാനക്കയറ്റം ലഭ്യമാക്കുന്നതിന് വേണ്ടിയും അച്ചടക്ക നടപടികൾ യഥാസമയം തീർപ്പാക്കുന്നതിനു വേണ്ടിയും 152 കേസുകൾ/പരാതികൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും ഹൈക്കോടതിയിലും ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്. (ഗ്രാമ വികസന വകുപ്പ് - 7 കേസുകൾ, പഞ്ചായത്ത് വകുപ്പ് - 45 കേസുകൾ, നഗരകാര്യ വകുപ്പ് - 81 കേസുകൾ, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം - 17 കേസുകൾ, തിരുവനന്തപുരം ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം - 2 കേസുകൾ) |
| (സി) | അവയിലെ കോടതി/ട്രൈബ്യൂണൽ നിർദ്ദേശങ്ങൾ യഥാസമയം പാലിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | കോടതി/ട്രൈബ്യൂണൽ നിർദ്ദേശങ്ങൾ/ ഉത്തരവുകൾ യഥാസമയം പാലിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിലും സർക്കാർ തലത്തിലും സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ജീവനക്കാരുടെ അന്യായമായ സ്ഥലംമാറ്റവും അർഹരായവർക്ക് യഥാസമയം സ്ഥാനക്കയറ്റവും നൽകാത്തത് 2016-17 വർഷത്തെ പദ്ധതി നിർവ്വഹണത്തേയും നികുതി പിരിവിനേയും ബാധിച്ചിട്ടുണ്ടോ; എങ്കിൽ മുൻവർഷത്തേതുമായി താരതമ്യപ്പെടുത്തിയുള്ള കണക്കുകൾ ലഭ്യമാക്കുമോ? | (ഡി) | 2016-17 സാമ്പത്തിക വർഷം ജീവനക്കാരുടെ അഭാവം പദ്ധതി നിർവ്വഹണത്തെയും, നികുതി പിരിവിനെയും ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ